

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വരവൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി15)999/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 29/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വരവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ,

ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി15)999/2022

തീയ്യതി: 29/06/2022

തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-06-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സതീശൻ.എൻ	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)	18-06-2022	22-06-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
18-06-2022	22-06-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രാംമനോഹർ.വി.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.സുധ.ഇ.എൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഫെമിന.എ.എ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
സി.വിജയലക്ഷ്മി	പ്രസിഡന്റ്	01-04-2020	11-11-2020
അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി	പ്രസിഡന്റ്	12-11-2020	29-12-2020
സുനിത.പി.പി	പ്രസിഡന്റ്	30-12-2020	31-03-2021
മിനി.വി	സെക്രട്ടറി	01-04-2020	09-06-2020
കെ.എസ്.ജോസ്മോൻ	സെക്രട്ടറി	10-06-2020	11-06-2020
സുനിത.ടി.വി	സെക്രട്ടറി	12-06-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഗോപി.ടി.എസ്	അസി.സെക്രട്ടറി	01-04-2020	31-03-20
വിജിത.എ.വി	കൃഷി ഓഫീസർ	01-04-2020	31-03-20
അജി ഫ്രാൻസിസ്	അസി.എഞ്ചിനീയർ	01-04-2020	31-03-20
ഡോ.സാജിത	വെറ്ററിനറി സർജ്ജൻ	01-04-2020	31-03-20
ഡോ.ജിഷ ജേക്കബ്	മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം	01-04-2020	31-03-20
ഡോ.രമ്യ ജോർജ്ജ്	മെഡിക്കൽ ഓഫീസർ,	01-04-2020	31-03-20

	പി.എച്ച്.സി		
ഡോ.നിസ മോൾ.വി.എം	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2020	30-06-20
ഡോ.ബിജു.പി.ജി	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-07-2020	13-08-20
ഡോ.നിസ മോൾ.വി.എം	മെഡിക്കൽ ഓഫീസർ, ഹോമിയോ	14-08-2020	31-03-20
പ്രസാദ്.എം.ബി	ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, വരവൂർ	01-04-2020	31-03-20
ധന്യ.സി	വി.ഇ.ഒ, തളി സർക്കിൾ	01-04-2020	31-03-20
പ്രജിത.സി.ബി	വി.ഇ.ഒ, വരവൂർ സർക്കിൾ	01-04-2020	31-03-20
സുസ്മിത.കെ.എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020	14-01-20
നന്ദിനി.ടി	ഡയറി ഫാം ഇൻസ്ട്രക്ടർ	15-01-2021	31-03-20
കോമളവല്ലി.എ.സി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2020	09-11-20
ലിപ്സി	ഐ.സി.ഡി.എസ്	10-11-2020	31-03-20

	സൂപ്പർവൈസർ		

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.	1-1-1
3	ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)	1-1-2
4	വാർഷിക ധനകാര്യപത്രിക	1-2
5	സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)	1-3
6	ഫണ്ട് വിനിയോഗം	1-4
7	പദ്ധതി അവലോകനം	1-5
8	ക്ഷേമപദ്ധതികൾ.	1-6
9	കാഷ് വെരിഫിക്കേഷൻ	1-7
10	ആഭ്യന്തര നിയന്ത്രണം	1-8
11	വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല	1-9-1
12	വസ്തുനികുതി - അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല	1-9-2
13	വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ	1-9-3
14	മുൻക്കൂർ തുകയുടെ വിവരങ്ങൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല	1-9-4
15	ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്	1-9-5

	ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല	
16	കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല	1-9-6
17	തൊഴിലുറപ്പ്പദ്ധതി - മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല	1-9-7
18	അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല.	1-9-8
19	വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ	1-9
20	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-9-9
21	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല	1-9-10
22	ബാങ്കിൽ നിക്ഷേപിച്ച് വർഷങ്ങളായിട്ടും ചെക്ക് കാഷ് ചെയ്തിട്ടില്ല	1-9-11
23	ജേണൽ വൗച്ചർ - രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതി ക്രമീകരിക്കുന്നു	1-9-12
24	അഡ്വാൻസായി നൽകിയ തുക കാലങ്ങളായി നിഷ്ക്രിയമായി തുടരുന്നു	1-9-13
25	കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല.	1-9-14
26	സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുകയും സാംഖ്യ ACR പത്രിക, സുലേഖ പത്രിക എന്നിവ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല	1-9-15
27	ഗ്രാമ പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, സബ് കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ രൂപീകൃതമായിട്ടില്ല.	1-10

28	പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.	1-11
29	ഗ്രാമ പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം	1-12
30	ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.	1-13
31	പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയതായി വിവരം ലഭിച്ചില്ല	1-14
32	അസറ്റ് മാനേജ്മെന്റ് മാനുവൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല	1-15
33	മരാമത്ത് പണികൾ--പൊതുഅപാകതകൾ- സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.	1-16
34	മരാമത്ത് പണികൾ-- മാനുവൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.	1-17
35	മാനുവൽ രശീതിയിലെ തുക ഡേ ബുക്കിൽ ഉൾപ്പെട്ടിട്ടില്ല	1-18
36	തൊഴിൽ നികുതി അടവാക്കിയിട്ടില്ല	1-19
37	കെട്ടിട നിർമ്മാണ അനുമതി - അപാകതകൾ	1-20
38	പെർമിറ്റിലെ വിവരങ്ങളും വസ്തുനികുതി ഫയലിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.	1-21
39	എച്ച്.എം.സി കണക്കുകൾ ഓഡിറ്റിനായി	1-22

	സമർപ്പിക്കേണ്ടതാണ്.	
40	22 അംഗനവാടികളിലേക്ക് ടി.വി വാങ്ങൽ - തുടർ പ്രവർത്തനങ്ങൾ നടത്തുന്നില്ല	1-23
41	സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല	1-24
42	പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്യൽ - എസ് സി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഇല്ല	1-25
43	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-26
44	അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി - കുടുംബശ്രീ ടൈലറിംഗ് യൂണിറ്റ് - മോണിറ്ററിംഗ് ഇല്ല	1-27
45	മരണം രജിസ്റ്റർ ചെയ്ത പെൻഷൻ ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല – സർക്കുലർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.	1-28
46	വേട്ടാണി കുടിവെള്ള പദ്ധതി - തുടർവിവരം ആവശ്യപ്പെടുന്നു	1-29
47	ഇരട്ടക്കുളം പാറപ്പുറം കുടിവെള്ള പദ്ധതി നവീകരണം - തുടർവിവരം ആവശ്യപ്പെടുന്നു	1-30
48	ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയത് - ക്രമവിരുദ്ധം.	1-31
49	കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്	1-32

50	പുറശ്ശേരി കുടിവെള്ളപദ്ധതി ലക്ഷ്യം നേടാത്തത് - തുടർ നടപടി പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.	1-33
51	വനിതാ പരിശീലനകേന്ദ്രം കുടിവെള്ളപദ്ധതി - ബാക്കി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്	1-34
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്	3-1
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-7
8	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-10

അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോക

1-1 ബജറ്റ്

ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 18.03.20 ലെ തീരുമാനം അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ യോഗത്തിൽ കരട് ബജറ്റ് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചു. വരുമാനം 17,32,71,500 രൂപയും ചേർത്ത് ആകെ വരവ് 18,84,36,428 രൂപയും അ രൂപയും ആണ്. തുടർന്ന് പഞ്ചായത്ത് ഭരണസമിതി 23.03.20 ൽ ഉച്ചയ്ക്ക് ശേഷം ചേർ ബജറ്റ് വ്യത്യാസങ്ങളില്ലാതെ അംഗീകരിച്ചു. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിന ബന്ധപ്പെട്ട് ഒരു അജണ്ട പരിഗണിച്ചതായി കാണുന്നില്ല. 23.01.21ലെ യോഗത്തിലെ വർഷത്തെ പുതുക്കിയ ബജറ്റ് വായിച്ച് അംഗീകരിച്ച് തീരുമാനിച്ചു എന്ന് രേഖപ്പെടുത്ത 16.02.21 ൽ ഉച്ചയ്ക്ക് ശേഷം ചേർന്ന യോഗത്തിലെ തീരുമാനം 1(1) പ്രകാരം 2021-22 ൽ തയ്യാറാക്കിയ പ്രകാരം മുൻബാക്കി 1,19,45,404 രൂപയും, പ്രതീക്ഷിത വരുമാനം 17,9 ആകെ ചെലവ് 18,33,64,200 രൂപയും നീക്കിബാക്കി 79,08,235 രൂപയും ആണ്.

പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയു

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പനുസരിച്ച് സർക്കാർ നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാ ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശ ഓരോവർഷവും ജനുവരി 15 ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റ ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് സമർപ്പിക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉ മേൽപ്രസ്താവിച്ച പ്രകാരമുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊ രേഖപ്പെടുത്തിയിട്ടില്ല. അതേ സമയം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് ക സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ വിശ

സ്റ്റാന്റിംഗ് കമ്മറ്റി	ശുപാർശ തീയതി
ആരോഗ്യ വിദ്യാഭ്യാസം	27.01.20
വികസനം	27.01.20

ക്ഷേമകാര്യം	23.01.20

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭ ചേർത്തിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ ഗ്രാമപഞ്ചായത്തിൽ ബജറ്റ് അഭാവത്തിലാണെന്ന് ന്യായമായും കരുതാവുന്നതാണ്.

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വര അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ പഞ്ചാ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹ ഭരണസമിതി 2020-21 വർഷത്തെ കരട് ബജറ്റ് മാർച്ച് മാസത്തിലെ ആദ്യ ആഴ്ച പരി

ഗ്രാമ പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസ തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ പഞ്ചായത്ത് അംഗീകരിച്ച ബജറ്റിൽ റിക്കവറികൾ സംബന്ധിച്ച എസ്റ്റ പ്രത്യേകം പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ പഞ്ചായത്ത് പാസ്സാ

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽ വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I)പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാ

മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്ക വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡി ചെലവ് കണക്കുകൾ (സാംഖ്യ പ്രകാരമുള്ളത്) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വി സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതുമാണെന്ന് ബജറ്റ് മാന്വ ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2020-21സാമ്പത്തിക വർഷത്തെ സംബന്ധ

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹര ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാ ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല

(li) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് ബജറ്റ് പാസ്സാക ചെയ്ത് അംഗീകരിച്ച തീരുമാനങ്ങൾ/ഭരണസമിതി തീരുമാന പ്രകാരം ബജറ്റ് പുതുക്ക ചേർക്കുന്നു.

2019-20 ൽ ആരംഭിച്ച് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തിനിൽക്കുന്ന ഭരണസമിതി തീരുമാനം 1(1) പ്രകാരം തീരുമാനിച്ചു എങ്കിലും ബജറ്റ് പുതുക്കിയില്ല.

2020-21 വാർഷികപദ്ധതി പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട 01/07/2020-ലെ സ ഗ്രാമപഞ്ചായത്തിലെ വാർഷികപദ്ധതിയിൽ തീരുമാനത്തിൽ ചേർത്തത് പ്രക ഉൾപ്പെടുത്തുന്നതിനും ആയതിന് തുടർന്നുവരുന്ന ഡി.പി.സി. യോഗത്തിൽ സമർ ഭരണസമിതി തീരുമാനം 1(1) പ്രകാരം തീരുമാനിച്ചു എങ്കിലും ബജറ്റ് പുതുക്കിയില്ല.

മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലി യോഗത്തിലെ തീരുമാനം നംപർ 1(1) അനുസരിച്ച് 2020-21 ലെ പുതുക്കിയ ബജറ്റ് എ അംഗീകരിക്കുമ്പോൾ). ഇപ്രകാരം 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാനം മ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 വ്യക്തമാക്കിയിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 അനുസ ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൌണ്ടന്റിനുമാ

പഞ്ചായത്തിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	
31.07.2021	

1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	
വരവ്	8
ആകെ	1
ചെലവ്	7
നീക്കിയിരിപ്പ്	2

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം		ഒ.ബി	വരവ്	അ
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)		0	10323444	1032
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)		0	9221608	922
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)		0	18315000	1831
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)		0	3456681	345
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ബേസിക് (ACR പ്രകാരം)		0	7321070	732
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ടൈഡ് (ACR പ്രകാരം)		0	4580000	458
എം.ജി.എൻ.ആർ.ഇ.ജി.എസ്	തൊഴിലാളികളുടെ കൂലി	0	3,43,29,000	3,43,
	അഡ്മിനിസ്ട്രേറ്റീവ് ചെലവ്	285	11,76,727	11,7

	ആകെ	285	3,55,05,727	3,55,

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗിക നടപ്പാ (എ
242	10,83,73,971	205	6,09,99,145	

1-6 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴി തുക
തൊഴിൽരഹിത വേതനം	1,440
കർഷകതൊഴിലാളി പെൻഷൻ	67,35,80
വിധവാപെൻഷൻ	1,80,78,0(
വാർദ്ധക്യകാലപെൻഷൻ	2,04,52,6(
വികലാംഗപെൻഷൻ	45,76,90
അവിവാഹിതരായ 50 വയസ്സു കഴിഞ്ഞവർക്കുള്ള പെൻഷൻ	14,31,70(
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	90,000

1-7 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ട കൃത്യത ബോധ്യപ്പെട്ടു.
കാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ് തുക ഭൗതിക പരിശോധനയിൽ ഉൾപ്പെടാതിരുന്ന

1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷക

ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

1-9-1 വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (എഫ്)}.

1-9-2 വസ്തുനികുതി - അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

01/04/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡ തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വ വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ് അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതു 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേ അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷ നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ "110100101-Property Tax On Resid Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോ എൻട്രികൾ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രി വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നി ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജ് ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ഡിമാന്റ് എൻട്രികൾ സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-9-3 വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നി തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്ന തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കള "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാ വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയി എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്വെയർ -ൽ തയ്യാറാക്കിയ വാർഷ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിര

1. തൻവർഷം

1.1 റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	1282437	1275238
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	1282437	1274004
	(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43

1.2 നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	623881	574696
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	623881	574558
	(ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43

*Advance Collection Ledger (350410104) പ്രകാരം 01.04.2020 ൽ മുൻക്കൂർ ക്രമീകരി
30.03.2021 തീയതിയിൽ വൗച്ചർ നം. 42000221 പ്രകാരം 2,225/- രൂപ ക്രമീകരിച്ച് ക

2 കുടിശ്ശിക

2.1 റെസിഡൻഷ്യൽ

	ഡിമാന്റ്
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	7603
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	7606
	(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (3262+4724.65=7986.65/105x10

2.2 നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	140414
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	140414
	(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(25562+121873=147435/105*10

3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

		ഡിമാന്റ്			കളക്ഷൻ		
		തൻവർഷം	കുടിശ്ശിക	ആകെ	തൻവർഷം	കുടിശ്ശിക	
"സഞ്ചയ"	റെസിഡൻഷ്യൽ	64122	383	64505	63762	204	

സോഫ്റ്റ്വെയർ പ്രകാരം	നോൺ-റെസിഡൻഷ്യൽ	31194	7040	38234	28735	0
	ആകെ	102739			92701	
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം		102719.65			94788	
		7403.65+95316 =(2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies ലെഡ്ജർ 2020-21)			(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ അ 36(വരവ്))	

4. "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തനെ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോ എന്നി ഖണ്ഡികയിലെ പട്ടികകൾ).

5. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് 92,701/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "4 Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെ ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ര പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്ന 42000225 (64033 + 204 + 28836=93073)} (പട്ടിക 3 കാണുക).

1-9-4 മുൻകൂർ തുകയുടെ വിവരങ്ങൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

1) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ 31/03/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും ' തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്രമ നം.	ശീർഷകം	ബാലൻസ ഷെഡ്യൂൾ പ്രകാരമുള്ള

1	350410101-Advance Collection Of Revenues -Property Tax On Residential Building	31929
2	350410101-Advance Collection Of Revenues -Property Tax On Non-Residential Building	219

2) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററി ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ട

ക്രമ നം.	വരുമാനം	മുൻക്കൂർ ശീർഷകം
1	തൊഴിൽ നികുതി	350410102-Advance Collection C Profession Tax /Inst/trad
2	ഡി &ഒ	350410301-Advance Collection C Licence Fees For Dangerous An Trades

1-9-5 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗ

2020-21 വർഷത്തെ വാർഷിക കണക്കിലെ Income And Expenditure പത്രിക പ്രകാ എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക

1-9-6 കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശ വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.2 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്ക രേഖപ്പെടുത്തിയിട്ടില്ല.

1-9-7 തൊഴിലുറപ്പ്പദ്ധതി - മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക

തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രക വരുമാനവും റവന്യു ചെലവും 3,55,01,909/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പ വിവിധ റോഡുകൾ നിർമിക്കുന്നതിനുള്ള 23,77,420/- രൂപയുടെ മൂലധനചെലവും ഉൾപ്പടുന്നു

ക്രമ	പ്രവൃത്തിയുടെ പേര്

നം.	
1	ഈങ്ങത്ത് മൈമൂന പടി റോഡ് കോ
2	മാലതി പടി മുതൽ അയ്യപ്പൻപടി വരെ കോ നിർമ്മാണം
3	കൊറ്റപുറം ലിങ്ക് റോഡ് കോൺ
4	ആവശ്ശേരി രാമചന്ദ്രൻപടി റോഡ് കോ
5	മേലേപുരയ്ക്കൽ രാധപ്പടി റോഡ് കോ

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇ വരുമാനം, ചെലവ് എന്നിവ 23,77,420/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻ തുകയ്ക്കുള്ള കാപ്പിറ്റൽ കോണ്ട്ടിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത

1-9-8 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല.

1) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ 31/03/2021 ൽ ബാക്കിയുള്ള തുകയും ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചതിലെ തുക

	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4			അ
ക്രമ നം.	ശീർഷകം	ഇനം	തുക	
1	320200322	Grants From Suchitwa Mission	1398452	

2) ബാലൻസ്ഷീറ്റ് പ്രകാരം ബി-4 പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗ്രണഭോക്തൃവി താഴെ ചേർത്തിരിക്കുന്ന ശീർഷകങ്ങൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എ

ക്രമ നം.	ശീർഷകം	ബാങ്ക് അക്കൗ
1	320200302	Grants, Funds & Contributions
2	320900101	Nirmal Pura
3	320800101	Beneficiary Con
4	350200301	Recoveries Payab

1-9 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1-9-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാ മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-9-10 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash 33,25,541/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net C ആയി രേഖപ്പെടുത്തിയിരിക്കുന്നത് 31,27,834/- രൂപയാണ്. അംഗീകരിക്കപ്പെട്ട ര പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകക

1-9-11 ബാങ്കിൽ നിക്ഷേപിച്ച് വർഷങ്ങളായിട്ടും ചെക്ക് കാഷ് ചെയ്തിട്ടില്ല

വരവൂർ സർവ്വീസ് സഹകരണ ബാങ്ക് തനത് ഫണ്ട് അക്കൗണ്ട് റീകൺസീലിയേഷൻ Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ചെക്ക് നം. 885624/18.10.2014 പ്രകാരം 14.(നിക്ഷേപിച്ച് വർഷങ്ങളായിട്ടും ക്യാഷ് ചെയ്യാത്തതിനാൽ ബാങ്കുമായി ബന്ധപ്പെട്ട് തു തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-9-12 ജേണൽ വൗച്ചർ - രേഖകളില്ലാതെ Prior Period ശീർഷകത്തിര

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Per ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബല ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുക വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട ഷെഡ്യൂൾ I-18)
280100101-Prior Period Income -Property Tax On Residential Buildings
280800201- Prior Period - Admininstrative Expense
280800701-Prior Period- Miscellaneous Expenses

1-9-13 അഡ്വാൻസായി നൽകിയ തുക കാലങ്ങളായി നിഷ്ക്രിയമായി തുടരുന്നു

അഡ്വാൻസ് രജിസ്റ്റർ, ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 എന്നിവ പ്രകാരം 31.03.2(രേഖപ്പെടുത്തി കാണുന്നു. ഈ തുകകൾ തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരി(

ശീർഷകം	നിർവ്വഹണ ഏജൻസി	ഇനം
460500402	Advance To Costford	വ്യവസായ (
460500201	Advance To KWA	പുറശ്ശേരി കുടിവെ

1-9-14 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മൂന്ന് വർഷത്തിലധികം കാലാവധി പ ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഇനം	ശീർഷകം	
Contractors EMD	340100101	24.10.
Contractors Security Deposit	340100201	
Other Deposits	340109901	12.02.
Deposits From Halls & Auditorium	340200106	15.12.20
Deposits From Others	340800101	

1-9-15 സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച തു എന്നിവ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുകയും സാംഖ്യ A പൊരുത്തപ്പെടുന്നില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

1) സർക്കാർ ഉത്തരവ് GO(Rt)No.2657/2020/Fin, 01.04.2020, GO(Rt)No.3033/2(GO(Rt)No.43/2020/Fin, 01.01.2021, GO(Rt)No.2904/20210/Fin, 25.03.2021 എന്നിവ ഗഡുക്കളിലായി 1,03,23,444/- (35,05,500+19,13,350+6,72,097+29,24,747+13,07,75(അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ട തുകയായി അനുവദിച്ചിട്ടുള്ളത്. ഈ അറ്റ തുകയാണ് പഞ്ചായത്ത് ACR പ്രകാരം വികാ എന്നാൽ അംഗൻവാടി TC ഇനത്തിൽ 3,21,200/- രൂപ മൂന്ന് പ്രാവശ്യം സുലേഖ പ Allocation പ്രകാരം ചേർത്തിട്ടില്ലാത്തതുമാണ്. ഇപ്രകാരം ചെയ്തതിനാൽ സുലേഖ കുടിയാണ് (321200x3=9,63,600) നിൽക്കുന്നത്.

2) സർക്കാർ ഉത്തരവ് പ്രകാരം വികസന ഫണ്ട് ജനറൽ എന്ന ഇനത്തിലെ (241353x2=482706) രൂപ പഞ്ചായത്തിന്റെ ലൈഫ് വിഹിതമായി സർക്കാരിലേക്ക് ക്രമീകരിച്ചിട്ടുണ്ട്. ഈ തുക കഴിച്ചുള്ള തുക മാത്രമാണ് ഓരോ പ്രാവശ്യവും അറ്റ തുക തുക മാത്രമാണ് ACR പത്രികയിൽ പഞ്ചായത്ത് ബുക്ക് ചെയ്തിട്ടുള്ളത്. ഇപ്രകാരം ചെലവ് ബുക്ക് ചെയ്തിട്ടുള്ളതും ACR പത്രികയിലെ Allocation പ്രകാരം ചേർത്തിട്ടി ചെയ്തിരിക്കുന്ന ചെലവ് ACR ചെലവിനേക്കാൾ കൂടിയാണ് (241353x2=482706) നിൽക്കുന്ന

1-10 ഗ്രാമ പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, സബ് കമ്മിറ്റികൾ,

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 163 ാം വകുപ്പ് ഓരോ പഞ്ചായത്ത കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി അധികാരം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമ സ്റ്റാന്റിംഗ് കമ്മിറ്റിയേയോ പ്രവർത്തന കമ്മിറ്റികളേയോ ഏതെങ്കിലും പണിയേ സഹായിക്കുന്നതിലേക്കായി പഞ്ചായത്തിലെ അംഗങ്ങളും പൊതുജനക്ഷേമര ചെയ്യുന്നവരുമായ മറ്റാളുകളുമടങ്ങിയ സബ്കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി അ 165 ാം വകുപ്പ് മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് ജോയിന്റ് പഞ്ചായത്തിൽ ഇപ്രകാരം പ്രവർത്തന കമ്മിറ്റികളോ, സബ്കമ്മിറ്റികളോ, ജോയി വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (അനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം കമ്മറ്റികളൊന്നും രൂപീകരിച്ചിട്ടില്ലെന്നാ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം സൃഷ്ടിക്കപ്പെട്ട മൂന്നാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്ത ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടത

1-11 പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു

പഞ്ചായത്ത് വാർഷിക പദ്ധതികൾക്കും പഞ്ചവത്സര പദ്ധതികൾക്കും പുറമേ ഇൻ പ്രത്യേക ഊന്നൽ നൽകിക്കൊണ്ടും വിഭവസമ്പത്തും തുടർന്നുള്ള വികസന വർഷക്കാലത്തേക്ക് ദീർഘവീക്ഷണത്തോടുകൂടിയ ഒരുപദ്ധതി തയ്യാറാക്കേണ്ടതും അ അയച്ചുകൊടുക്കേണ്ടതുമാണെന്ന് 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(4 പഞ്ചായത്ത് ഈ വ്യവസ്ഥപ്പെടുത്തൽ പ്രകാരം സ്വീകരിച്ച നടപടികൾ ആരാഞ്ഞുകൊ നം.02/18.06.22) മറുപടി ലഭ്യമാക്കിയില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം സൃഷ്ടിക്കപ്പെട്ട മൂന്നാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇ നിയമവ്യവസ്ഥ പാലിക്കാൻ തുടർനടപടി അത്യന്താപേക്ഷിതമാണ്.

1-12 ഗ്രാമ പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 192(1) ാം വകുപ്പ് പ്രകാരം, ഓരോ ഫോറത്തിൽ അപ്രകാരമുള്ള വിശദാംശങ്ങൾ സഹിതം അതിന്റെ ഭരണത്തെ സംബ തയ്യാറാക്കി തുടർന്നുവരുന്ന വർഷം സെപ്തംബർ മുപ്പതാം തീയതിക്കകം പ്രസിദ പ്രസിദ്ധപ്പെടുത്താത്ത പക്ഷം, അതിനുശേഷം പഞ്ചായത്തിന് നൽകാനുള്ള ഗ്രാന്റുകൾ വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഇപ്ര പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (അതിനാൽ നിയമവ്യവസ്ഥ പാലിച്ച് ഭരണറിപ്പോർട്ട് പ്രസിദ്ധപ്പെടുത്താൻ ഗ്രാമ പഞ്ച

1-13 ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന്റെ സ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നി കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്ര അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ വിനിയോഗവും) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം (ചട്ട രൂപീകരിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ഉചിതമെന്ന് കരുതുന്ന പക്ഷം ഗ്രാമ പഞ്ച പരിശോധിക്കാവുന്നതാണ്.

(ഓഡിറ്റ് എൻക്വയറി നം. 09/

1-14 പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയതായി വിവരം ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 272 എ (1) വകുപ്പ് പ്രകാരം ഓരോ സേവനങ്ങളേയും അവയുടെ വ്യവസ്ഥകളേയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും പ്രസ്തുത നിയമത്തിലെ 272 എ (2) വകുപ്പ് പ്രകാരം പൗരാവകാശരേഖ വ ചെയ്യേണ്ടതാണ്. 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാ വേണം പൗരാവകാശരേഖ വാർഷികമായി പുതുക്കി കാലാനുസൃതമാക്കാൻ. 2020-21 സംബന്ധിച്ച് വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിയമവ്യവസ്ഥകൾ യഥാവിധി പാലിക്കേണ്ടതും പൗരാവകാശരേഖ വാർഷികമായി പുതുക്

1-15 അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാ മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2020-21 വർഷത്തേക്ക് ഇതുമായി ബ

എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (ലഭിച്ചില്ല.

1) ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആനുവൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAC വിശദവിവരം.

3) ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്ക

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളു എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാ

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 2 സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(12) പ്രകാരം, ഗ്രണമേന്മയുള്ള ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡ ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന് ഇ

(Ii) 08.06.20 ലെ ഭരണസമിതി തീരുമാനം 20(1) താഴെ ചേർക്കുന്നു

"വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് 2020-2021 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട കൊങ്ങത്ത് പറമ്പ് കുടിവെള്ള പദ്ധതി 3. വെട്ടുകാട് കോളനി കുടിവെള്ള പദ പ്രവൃത്തികൾക്ക് രേഖാമൂലമുള്ള സമ്മതപത്രവും ആസ്തി രജിസ്റ്ററിന്റെ പകർപ്പും ലഭ്യമ എ3-1768/2020,27/05/2020 നമ്പർ കത്ത് യോഗത്തിൽ വായിച്ചു. പ്രസ്തുത പ്രവൃത്ത പരിശോധിച്ച് ആയവ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ രജിസ്റ്ററിന്റെ പകർപ്പ് നല്കുന്നതിനും, തീരുമാനിച്ചു."

(Iii) 29.09.20 ലെ ഭരണസമിതി തീരുമാനം 14(1) താഴെ ചേർക്കുന്നു

"തിച്ചൂർ സബ് സെൻറർ ചുറ്റുമതിൽ തകർന്നത് പുതുക്കി പണിയുന്നതിന് അസി.എ നിലവിൽ ഫണ്ട് മാറ്റി വയ്ക്കാൻ ഇല്ലാത്തതിനാൽ Tender Excess ഉണ്ടെങ്കിൽ പി എ മതിൽ എന്നിവയ്ക്ക് വേണ്ടി മാറ്റുന്നതിന് റിവിഷനിൽ വെക്കുന്നതിന് തീരുമാനിച്ചു."

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാനുവൽ നിർദ്ദേശങ്ങൾ കാലികമാക്കേണ്ടതുമാണ്.

1-16 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയ പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങ സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടി അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്ക എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്ന

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീ സോഫ്റ്റ്വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2 ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സ

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗ്രണഭോക്തൃസമിത ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദി

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്ക ചേർക്കുന്നു.

1) PRICE സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ MORDഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിര പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ്വെയറിൽ 10% OH ഉം 10% CP ഉം ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാ DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ MORD ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റി അനുവദിക്കാനേ പിഡബ്ള്യുഡിമാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുക സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകള് അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്ന ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്ന ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 15/2

1-17 മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, റ

